ജലസേചനം	122.91 കോടി
ആകെ	734.55 "

(ബി) പ്രതിവർഷം ഉദ്ദേശം 97 കോടി രൂപ.

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന ആവശ്യം

13 (1808) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന സർവ്വീസ് സംഘടനകളുടെ ആവശ്യം സംബന്ധിക്കുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

സംസ്ഥാനത്തെ റവന്യൂ വരുമാനവും ചെലവും

14 (1809) ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ ചെലവ്, റവന്യൂ കമ്മി ഇവ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2000-01, 2001-02,2002-03 സാമ്പത്തിക വർഷങ്ങളിൽ പൊതു മേഖലയിൽ നിന്നും സഹകാര്യ മേഖലയിൽ നിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ഉണ്ടായ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് വരുമാന വർദ്ധനവിനെക്കാൾ അനിയന്ത്രിതമായി കൂടി വരുന്നതിനാൽ സംസ്ഥാനം കടുത്ത റവന്യൂ കമ്മിയിലേക്ക് നീങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റവന്യൂ കമ്മി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2001-02-ലെ ബഡ്ജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ച എംപ്ലോയ്മെന്റ് ജനറേഷനും സ്ത്രീ ശാക്തീകരണ പദ്ധതിയുടെ എന്തെങ്കിലും പ്രോജക്ടും അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly